# നാളികേര വിലയിടിവ്: കൺസോർഷ്യം ഉത്ക്കണ്ഠ രേഖപ്പെടുത്തി

കൊച്ചി: നാളികേരത്തിന്റെ വിലയിടിവിൽ നാളികേര ഉത്പാദക കമ്പനികളുടെ കൺസോർഷ്യം ഉത്കണ്ഠ രേഖപ്പെടുത്തി. കിലോഗ്രാമിന് 35 രൂപ താങ്ങുവില നിജപ്പെടുത്തി, ഉടൻ തന്നെ സർക്കാർ നാളികേര സംഭരണം ആരംഭിക്കണമെന്നും കൊച്ചിയിൽ ചേർന്ന കൺസോർഷ്യത്തിന്റെ യോഗം ആവശ്യപ്പെട്ടു.

യോഗത്തിൽ ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ അധ്യക്ഷനായിരുന്നു. നാളികേര വികസന ബോർഡ് ചെയർമാൻ ടികെ ജോസ് യോഗത്തിൽ പങ്കെടുത്തു. കേരളത്തിലെ നാളികേര കർഷക ഉത്പാദക കമ്പനികളുടെ നീര, മറ്റ് മൂല്യവർധിത ഉത്പന്നങ്ങൾ എന്നിവയുടെ ആധുനികവും ഏകീകൃതവുമായ പായ്ക്കിംഗിനുള്ള പ്ലാസ്റ്റിക് കണ്ടെയ്നറുകളും ബോട്ടിലുകളും നിർമ്മിക്കുന്ന ഒരു യൂണിറ്റ് ആരംഭിക്കാൻ കൺസോർഷ്യം തീരുമാനിച്ചു. ഓരോ കമ്പനികളും പൂർണശേഷിയിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ ആയിരക്കണക്കിനു പ്ലാസ്റ്റിക് കണ്ടെയ്നറുകളും ബോട്ടിലുകളും ദിനംപ്രതി ആവശ്യമായി വരും. ഇപ്പോൾ 200 മില്ലി നീര പായ്ക്ക് ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് ബോട്ടിലിന് മൂന്നു മുതൽ നാലു രൂപ 30 പൈസ വരെയാണ് വില. ഇത് നീരയുടെ വിലപന വിലയെയാണ് ബാധിക്കുന്നത്.

കുപ്പിയുടെ വില കുറയ്ക്കാൻ സാധിച്ചാൽ അതിലൂടെ നീരയുടെ റീട്ടെയിൽ വിലയും കുറയും. അപ്പോൾ നീര വിപണിയിലെ വില്പന ഇനിയും വർധിക്കുമെന്നും യോഗം വിലയിരുത്തി. ഡിസംബർ 31നു മുമ്പായി എല്ലാ കമ്പനികളും ഓഹരി സമാഹരണം പൂർത്തിയാക്കണമെന്നും, നിലവിൽ വെളിച്ചെണ്ണ യൂണിറ്റുകൾ ആരംഭിക്കാത്ത കമ്പനികൾ അടിയന്തിരമായി നിലവാരമുള്ള വെളിച്ചെണ്ണ ഉത്പാദിപ്പിച്ച് വിപണിയിൽ ഇറക്കാനുള്ള നടപടികൾ ആരംഭിക്കണമെന്നും കൺസോർഷ്യം ആവശ്യപ്പെട്ടു. കൺസോർഷ്യം വൈസ് ചെയർമാൻ സണ്ണി ജോർജ്, നാളികേര ഉത്പാദക കമ്പനികളുടെ പ്രതിനിധികൾ എന്നിവരും പങ്കെടുത്തു. അടുത്ത യോഗം കോഴിക്കോട്ട് ചേരാൻ നിശ്ചയിച്ചു.